# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV
## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**അഞ്ചാമത് റിപ്പോർട്ട്**
**(2020-2021)**

**FIFTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2020-2021)**

2020 മാർച്ച് 2-ാം തീയതി സമർപ്പിച്ചത്
(Presented on 2nd March, 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IV
# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2020-2021)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2020-2021)

252/2020.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |

## സബ്ജക്ട് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)
## (2019-2021)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. ഇ . പി. ജയരാജൻ,

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ഡോ. ടി. എം. തോമസ് ഐസക്,

ധനകാര്യവും കയറും വകുപ്പുമന്ത്രി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും

കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ഹരീഷ് , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2020 ഫെബ്രുവരി 20-ാം തീയതി സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ എന്നതിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXVII സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2020 ഫെബ്രുവരി മാസം 25-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഇ. പി. ജയരാജൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 25.

## റിപ്പോർട്ട്

# ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

വോട്ട് ചെയ്തത് - 1444.0342 കോടി രൂപ

ചാർജ് ചെയ്തത് - ഇല്ല

2851-00-004-99—<u>വാണിജ്യ വികസനം</u>

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

1. വാണിജ്യമേഖലയുടെ വളർച്ച ശക്തിപ്പെടുത്തി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ചും സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയും സർക്കാരിന്റെ നികുതി വരുമാനം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വാണിജ്യ മേഖലയുടെ വികസനത്തിനായുള്ള പഠനത്തിനും വികസന പരിപാടികൾക്കും വാണിജ്യ മിഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-102-29—<u>പെർമനന്റ് എക്സിബിഷൻ കം മാർക്കറ്റിംഗ് കോംപ്ലക്സ് (കേരള മാർട്ട്)</u>

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

2. സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ ഒരു സ്ഥിരം പ്രദർശന വിപണന സമുച്ചയം സൃഷ്ടിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യമൊരുക്കുന്നതിന് ആവിഷ്കരിച്ച കേരള മാർട്ട് പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, <u>മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-103-74—<u>പരിശീലനവും വികസനവും</u>

ബഡ്ജറ്റ് വിഹിതം : 1.68 കോടി രൂപ (പ്ലാൻ)

3. പരിശീലനം വൈവിധ്യം ശേഷി വികസന പരിപാടിയുടെ കീഴിൽ കണ്ണൂരുള്ള ഐ.ഐ.എച്ച്.റ്റി-യുടെ ഭരണപരമായ ചെലവുകൾക്കും പരിശീലന പരിപാടികൾക്കും അദ്ധ്യാപകർക്കുള്ള ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, <u>മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-103-64—വിപണന കയറ്റുമതി ഉന്നമന പദ്ധതി

ബഡ്ജറ്റ് വിഹിതം : 2.52 കോടി രൂപ (പ്ലാൻ)

4. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനവും കയറ്റുമതിയും ലക്ഷ്യമിട്ട് നടത്തുന്ന എക്സിബിഷനുകൾ, വ്യാപാരമേളകൾ എന്നിവയിൽ പങ്കെടുത്ത് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ, കൈത്തറിയുടെ പ്രചരണത്തിനായി പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾക്കും നെയ്ത്തുതൊഴിലാളി സംഗമം നടത്തുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.23 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-43—അംശദാന മിതവ്യയ ഫണ്ട്

ബഡ്ജറ്റ് വിഹിതം : 84 ലക്ഷം രൂപ (പ്ലാൻ)

5. അംശദാന സമ്പാദ്യ പദ്ധതിയിലെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുള്ള ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 16 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-38—നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

ബഡ്ജറ്റ് വിഹിതം: 4.2 കോടി രൂപ (പ്ലാൻ)

6. കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹന ധനസഹായ പദ്ധതിയിൽ പ്രതിദിനം സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർക്ക്/നൂൽ ചുറ്റുന്നവർക്ക് ഓരോ അധിക മീറ്ററിനും ഇരട്ടി വേതനം നൽകുന്നുണ്ടെന്നും സ്കൂൾ യൂണിഫോം പദ്ധതിയും മറ്റ് പുതിയ പദ്ധതികളും കാരണം പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണത്തിലും ഉൽപ്പാദനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. ഇപ്രകാരം പ്രസ്തുത പദ്ധതിയിൽ കൂടുതൽ ചെലവ് വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-25—യുവ നെയ്ത്ത് പദ്ധതി

ബഡ്ജറ്റ് വിഹിതം: 25 ലക്ഷം രൂപ (പ്ലാൻ)

7. പതിനെട്ടിനും നാൽപ്പതിനുമിടയ്ക്ക് പ്രായമുള്ള യുവതീയുവാക്കളെ നെയ്ത്ത് പരിശീലിപ്പിച്ച് നെയ്ത്തുകാരാക്കി മാറ്റി ഒരു ഉപജീവനമാർഗ്ഗം നൽകുന്ന യുവ നെയ്ത്ത് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-99-31—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 40.9945 കോടി രൂപ (നോൺ പ്ലാൻ)

8. ജീവനക്കാരുടെ ശമ്പള പരിഷ്കരണവും, പെൻഷൻ പരിഷ്കരണവും മൂലമുണ്ടായ അധികച്ചെലവ്, കുടിശ്ശികയായുള്ള ശമ്പളം/പെൻഷൻ, വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവ കണക്കാക്കുമ്പോൾ ബോർഡിന് അനുവദിച്ച തുക കുറവാണെന്നും കൂടാതെ മുൻവർഷങ്ങളിൽ ഈ ഇനത്തിലെ തുക കുറവായതിനാൽ ബോർഡ്, 1991 മുതൽ വകമാറ്റി ചെലവഴിച്ച 7010.59 ലക്ഷം രൂപ കൂടി ചേർത്ത് ആകെ 12108.98 ലക്ഷം രൂപ ബോർഡിന് ബാധ്യത ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 121.0898 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-96-33—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്- സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (നോൺ പ്ലാൻ)

9. ബോർഡിന്റെ ചില്ലറ വില്പനയ്ക്കുള്ള റിബേറ്റിനും ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ എല്ലാ വർഷവും ഉത്സവകാലങ്ങളിൽ വിവിധ സ്പെല്ലുകളിലായി 10% അധിക റിബേറ്റ് നൽകുന്നതിനും അനുവദിച്ച തുക കുറവാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-95-10—കേരള ഖാദി തൊഴിലാളി ക്ഷേമനിധി -സംഭാവന

ബഡ്ജറ്റ് വിഹിതം : 45 ലക്ഷം രൂപ (നോൺ പ്ലാൻ)

10. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യ തുക സർക്കാർ അംശദായം നൽകണമെന്നാണെങ്കിലും സർക്കാർ വിഹിതം എല്ലാവർഷവും കൃത്യമായി ലഭിക്കാത്തതിനാൽ ഈ ഇനത്തിലുള്ള കുടിശ്ശിക തുക 7.4879 കോടി രൂപയാണെന്നും ക്ഷേമനിധിയിൽ നിന്ന് പെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകുന്നതുൾപ്പെടെയുള്ള പ്രധാന പ്രവർത്തനങ്ങൾ നിറവേറ്റുന്നതിന് കഴിയാത്ത സാഹചര്യമാണെന്നും ഈ ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചട്ടപ്രകാരമുള്ള സർക്കാർ വിഹിതം കുടിശ്ശികയായ 7.0379920 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-87— ഖാദിബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (പ്ലാൻ)

11. ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ നിലവിലുള്ള വിൽപ്പനശാലകളുടെ നവീകരണത്തിനും ആധുനീകരണത്തിനുമായും എറണാകളം ജില്ലയിലെ കലൂരിൽ ഖാദി ടവറിന്റെ കെട്ടിടം നവീകരിച്ച് 'ഖാദി മാൾ' സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിക്കായി നിലവിലുള്ള ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

12. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിക്ക് (PMEGP) അനുസൃതമായി ഗ്രാമീണ മേഖലയിൽ 500 പുതിയ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട ധനസഹായം (മാർജിൻ മണി/സബ്സിഡി) നൽകുവാനും ഈ മേഖലയിൽ 1750 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക സംസ്ഥാന സർക്കാർ മാർജിൻ മണിയായി

നൽകുന്നതാണെന്നും കൂടാതെ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം എന്നിവയും ഖാദിഗ്രാമ വ്യവസായ ബോർഡ് നൽകുന്നുണ്ടെന്നും ബോർഡിന്റെ പ്രത്യേക തൊഴിൽദാനപദ്ധതി ബാങ്കുകളുടെ സഹകരണത്തോടെ വിപുലീകരിക്കേണ്ടതുണ്ടെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-72—വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

13. വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങളായ റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകളുടെ നവീകരണം, ഫയൽ ബോർഡ് യൂണിറ്റുകളുടെ വൈവിധ്യവൽക്കരണം, ഖാദി തുണികൾ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഉൽപ്പന്ന വികസനം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-71—വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

14. ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യവികസനം ഒരുക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-69—സംസ്ഥാനത്ത് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : 1.7 കോടി രൂപ (പ്ലാൻ)

15. പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഖാദി നൂൽപ്പ്-നെയ്ത്ത് മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഈ പദ്ധതിയിൽ തൊഴിലാളികൾക്ക് സാങ്കേതിക മാർഗ്ഗനിർദ്ദേശവും നൈപുണ്യ വികസനവും നൽകൽ, മസ്ലിൻ പുനരുജ്ജീവന പദ്ധതി, പ്രാരംഭ ഉൽപ്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, ചർക്കകളുടെയും

തറികളുടെയും നവീകരണം എന്നിവ ലക്ഷ്യമിടുന്നതായി സമിതി നിരീക്ഷിച്ചു. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-66- (01)—ഖാദി ഗ്രാമവ്യവസായ വികസനം-ഏട്ടുകുടുക്കയിൽ കസവ് നിർമ്മാണ യൂണിറ്റിന്റെ വിപുലീകരണവും നവീകരണവും

ബഡ്ജറ്റ് വിഹിതം : 1.4 കോടി രൂപ (പ്ലാൻ)

16. കണ്ണൂർ ജില്ലയിലെ ഏട്ടുകുടുക്കയിൽ നിലവിലുള്ള പരുത്തി സംസ്കരണ യൂണിറ്റ് ഉൽപ്പാദിപ്പിക്കുന്ന സ്ലൈവറിന്റെ സുഗമമായ വിതരണം ഖാദി ഉൽപ്പാദന മേഖലയ്ക്ക് അത്യന്താപേക്ഷിതമാണെന്നും അതിനായി സ്ലൈവർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വകുപ്പുതല ഉൽപ്പാദന കേന്ദ്രങ്ങൾക്കും മറ്റ് ഖാദി സ്ഥാപനങ്ങൾക്കും ആവശ്യമായ സ്ലൈവർ മിതമായ വിലയ്ക്ക് നൽകുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നിലവിലുള്ള തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-66-(02)—ഖാദി ഗ്രാമവ്യവസായ വികസനം- വാർത്താ വിതരണവും പരിശീലനവും

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

17. ഖാദി ഉത്പ്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രചരണം, ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, സ്കൂളുകളിൽ ഖാദി ക്ലബ്ബുകൾ ആരംഭിക്കൽ, ഖാദി ടാഗിലൂടെ ഉൽപ്പന്ന ബ്രാന്റിംഗ്, ബാർ കോഡിംഗ്, ഖാദി ഇന്നോവേഷൻ വർക്ക് ഷോപ്പ്/ഫെസ്റ്റുകൾ, ഉദ്യോഗസ്ഥർക്കും ഖാദി ഗ്രാമവ്യവസായ മേഖലയിലെ തൊഴിലാളികൾക്കുമുള്ള പരിശീലനം തുടങ്ങിയ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 17.35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-66-(03)—ഖാദി ഗ്രാമവ്യവസായ വികസനം-ഖാദിബോർഡ് കമ്പ്യൂട്ടർ വൽക്കരിക്കൽ

ബഡ്ജറ്റ് വിഹിതം : 35 ലക്ഷം രൂപ (പ്ലാൻ)

18. ഖാദി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി ഖാദി ബോർഡിനും ജില്ലാ ഓഫീസുകൾക്കും ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റും വാങ്ങുന്നതിനും മാർക്കറ്റിംഗ് സോഫ്റ്റ് വെയർ തയ്യാറാക്കൽ, സെക്യൂരിറ്റി ഓഡിറ്റ്, നെറ്റ് വർക്കിംഗ് മെയിന്റനൻസ്, വെബ്ഹോസ്റ്റിംഗ്, വെബ് മോഡിഫിക്കേഷൻ, ട്രെയിനിംഗ് തുടങ്ങിയ ആവശ്യങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-64—ഖാദി സിൽക്ക് വീവിംഗ് പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 65 ലക്ഷം രൂപ (പ്ലാൻ)

19. ഖാദിപട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിന് തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് ജില്ലകളിൽ 100 തറികൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, നൈപുണ്യ വികസനം/സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകൽ മുതലായവയും ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-92-(02)—വിപണന വികസന പദ്ധതി (50% കേന്ദ്രസഹായ പദ്ധതി) സംസ്ഥാന വിഹിതം

ബഡ്ജറ്റ് വിഹിതം : 6.72 കോടി രൂപ (പ്ലാൻ)

20. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും പ്രചാരണം, വിൽപനശാലകളുടെ നവീകരണം, ഗോഡൗണുകളുടെ പുനരുദ്ധാരണം, വിപണിയെക്കുറിച്ചുള്ള പഠനം, നൂതന വിപണന തന്ത്രങ്ങൾ, ഇ-കോമേഴ്സ്, പ്രവർത്തന നവീകരണം തുടങ്ങിയ ആവശ്യങ്ങൾക്കും കയർ ഫെഡ്, ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർ സഹകരണ സംഘങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കയർ മേഖലയിൽ ധനസഹായം നൽകുന്നതിനുള്ള 15 കോടി രൂപയുടെ കുടിശ്ശിക അപേക്ഷകളിൽ തീർപ്പുകൽപിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8.28 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-67 — കയർ ജിയോ ടെക്സ്റ്റൈൽസ് വികസനത്തിനും വിപണനത്തിനുമുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 42 ലക്ഷം രൂപ (പ്ലാൻ)

21. മാതൃകാ പദ്ധതികൾ നടപ്പാക്കുക, സ്റ്റാൻഡേർഡ് എഞ്ചിനീയറിംഗ് മെറ്റീരിയലായി കയർഭൂവസ്ത്രം ഉൾപ്പെടുത്തുക, ഭൂവസ്ത്രത്തെക്കുറിച്ച് ബോധവത്കരണം നടത്തുക, ഗവേഷണ വികസന ഓറിയന്റേഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയുള്ള സമഗ്ര ഭൂവസ്ത്ര വികസന പരിപാടിയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-54—ഉല്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം

ബഡ്ജറ്റ് വിഹിതം : 3.36 കോടി രൂപ (പ്ലാൻ)

22. കയർ മേഖലയിൽ കയറുൽപ്പന്നങ്ങളുടെ സ്ഥായിയായ ഉൽപ്പാദനം നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രാഥമിക സഹകരണ സംഘങ്ങളും, പൊതുമേഖലാ സ്ഥാപനങ്ങളും മുഖാന്തരം കയറിന്റെയും പിവിസി, റബ്ബർ അധിഷ്ഠിത കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും കയറ്റുമതിയും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായും കുടിശ്ശിക അപേക്ഷകൾ അനുവദിക്കേണ്ടതിനായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-106-34—വില വ്യതിയാന നിധി

ബഡ്ജറ്റ് വിഹിതം : 38 കോടി രൂപ (പ്ലാൻ)

23. കയർ ഉൽപ്പന്നങ്ങളുടെയും യാണിന്റെയും ചകിരിയുടെയും വില സ്ഥിരതയ്ക്കു വേണ്ടി ലക്ഷ്യമിടുന്ന പദ്ധതിയിൽ ഈ സാമ്പത്തിക വർഷം 40000 ടൺ കയർ ഉൽപാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും ഇതിനാവശ്യമായ ചകിരിയും മറ്റ് ഉൽപ്പന്നങ്ങളും ചെലവിന് അനുസൃതമായ വിലയ്ക്ക് പി. പി. എസ്. എസ്. പദ്ധതി വഴി സംഭരിക്കുന്നതിനും അനുബന്ധ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും കമ്പോളവിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും നിയമാനുസൃത കൂലി ഉറപ്പാക്കുന്നതിനും ഈ ശീർഷകത്തിൽ അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-90—— ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 5.5 കോടി രൂപ (പ്ലാൻ)

24. സംസ്ഥാനത്തെ 64 താലൂക്കുകളിലും കുറഞ്ഞത് 15 മുതൽ 25 പേർ അടങ്ങിയ കശുമാവ് കർഷകരുടെ കൂട്ടായ്മ ആരംഭിക്കുന്നതിന് 16 ലക്ഷം രൂപയും കശുമാവ് കർഷകർക്കുള്ള പരിശീലന പരിപാടികൾ, സെമിനാറുകൾ, പബ്ലിസിറ്റി, മിഷൻ മാനേജ്മെന്റ്, ഡിജിറ്റലൈസേഷൻ എന്നീ ഘടകങ്ങൾക്കായി 65 ലക്ഷം രൂപ കൂടിയും ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 81 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4860-60-190-94—— കെ.എസ്.സി.ഡി.സി.യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 13.5 കോടി രൂപ (പ്ലാൻ)

2852-08-600-82—— കശുവണ്ടി വികസന കോർപ്പറേഷൻ- ബ്രാൻഡ് പ്രൊമോഷൻ (കെ.എസ്.സി.ഡി.സി.)

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

25. കശുവണ്ടി കോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളുടെ ആധുനികവത്ക്കരണത്തിനും നവീകരണത്തിനും ഭാഗികമായ യന്ത്രവൽക്കരണത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-195-99 —— കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

2852-08-600-81—— ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (കാപ്പെക്സ്)

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

26. കാപ്പെക്സിൽ നിന്നും 2018 വരെ വിരമിച്ച ശേഷം ജീവനോപാധികൾക്ക് മറ്റ് വഴികളില്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് നൽകുവാനുള്ള ഗ്രാറ്റുവിറ്റി കുടിശ്ശികയായ 11.05 കോടി രൂപയും, കാപ്പെക്സ് സ്വകാര്യ ഫാക്ടറികൾ ഏറ്റെടുക്കുന്നതിന് മുമ്പുള്ള ഗ്രാറ്റുവിറ്റി വിവിധ കോടതികളിൽ നിന്നും ലഭ്യമായ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പലിശ നൽകാതെ മുതൽ മാത്രം നൽകുന്നതിനായി

1.19 കോടി രൂപയും, വിവിധ കോടതികളിൽ നിലനിൽക്കുന്ന ഗ്രാറ്റുവിറ്റി കേസുകളുടെ അടിസ്ഥാനത്തിൽ ഏകദേശം 2 കോടി രൂപയും ചേർത്ത് ആകെ 14.24 കോടി രൂപ ബാധ്യതയുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കുടിശ്ശിക തീർക്കുന്നതിനായി മേൽ ശീർഷകത്തിൽ 14.24 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2853-02-102-99—34-ധാതു അന്വേഷണങ്ങൾ-മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 40 ലക്ഷം രൂപ (പ്ലാൻ)

27. സംസ്ഥാന ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡിന്റെ അംഗീകാരത്തോടെ സംസ്ഥാനത്തെ പ്രധാന ധാതുനിക്ഷേപങ്ങളുടെ പര്യവേഷണം നടത്തുന്നതിനും ഖനിജപര്യവേഷണത്തിനും രാസപരിശോധന ശാലയുടെയും മിനറോളജി & ജെം ടെസ്റ്റിംഗ് ലാബിന്റെയും പ്രവർത്തനങ്ങൾക്കും നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പെക്സ് ഓർഗനൈസേഷൻസിന് ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം: 1 കോടി രൂപ

28. കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളായ സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ., കെൽപാം എന്നിവ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-190-99—കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 74 ലക്ഷം രൂപ (പ്ലാൻ)

29. ഹാൻവീവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതും പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതും ലക്ഷ്യമിട്ടുകൊണ്ട് ഉൽപ്പാദനകേന്ദ്രങ്ങൾ, വിൽപ്പനശാലകൾ, ഓഫീസുകൾ തുടങ്ങിയവ കമ്പ്യൂട്ടർവത്കരിക്കുന്നതിനായി അനുവദിച്ച ബഡ്ജറ്റിലെ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.26 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4851-00-195-95—കൈത്തറി അപ്പക്സ് സംഘം നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം: 1.5 കോടി രൂപ (പ്ലാൻ)

30. കൈത്തറി മേഖലയിലെ നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും കൈത്തറി സ്കൂൾ ഇതര ഉൽപ്പന്നങ്ങൾ നെയ്യുമ്പോൾ സ്ഥിരമായ ജോലിയും ഉയർന്ന വരുമാനവും ലഭിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട വിപണിയിൽ ആവശ്യമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മുൻകൂട്ടി നൂലും കൂലിയും നൽകി ഹാന്റെക്സ് വഴി ഉല്പാദിപ്പിച്ച് വിപണനം നടത്തുന്ന ഈ പദ്ധതിയിൽ കുറഞ്ഞത് 5000 നെയ്ത്തുകാരെ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഈ പദ്ധതി നടപ്പിലാക്കുന്നത് ഹാന്റെക്സ് (കേരള സംസ്ഥാന നെയ്ത്തു സഹകരണ സംഘം ക്ലിപ്തം) മുഖാന്തരമാണെന്നും എന്നാൽ ബഡ്ജറ്റ് രേഖയിൽ കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ എന്നാണ് കാണിച്ചിരിക്കുന്നത് എന്നും നിരീക്ഷിച്ച സമിതി ആയത് ഭേദഗതി വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4885-01-200-95—കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം

ബഡ്ജറ്റ് വിഹിതം : 76 കോടി രൂപ (പ്ലാൻ)

32. കെ. എസ്. ഐ. ഡി. സി. യുടെ കീഴിലുള്ള ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്കിൽ 61000 ചതുരശ്ര അടിയിലുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗിന്റെയും കാന്റീൻ കം ബാങ്കിംഗ് കെട്ടിടത്തിന്റെയും നിർമ്മാണ പുരോഗതിക്കായും പ്രസ്തുത പാർക്കിന്റെ ചുറ്റുമതിൽ പണിയുന്നതിനും ജലവിതരണ സംവിധാനത്തിനുമായി ടെണ്ടർ നടപടികൾ പുരോഗമിക്കുന്നതിനാലും അധികതുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4885-60-800-96—പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള തുക

ബഡ്ജറ്റ് വിഹിതം: 30 കോടി രൂപ (പ്ലാൻ)

33. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്വയംപര്യാപ്തത നേടുന്നതുവരെയുള്ള പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ ആവശ്യമായ സാമ്പത്തികസഹായം നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6851-00-190-88—കേരള സ്റ്റേറ്റ് പാൽമീരാ വർക്കേഴ്സ് സൊസൈറ്റിക്ക് വായ്പ

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (പ്ലാൻ)

34. കരുപ്പട്ടി ഉൽപ്പാദനത്തിനായുള്ള ആധുനിക ഉൽപ്പാദന യൂണിറ്റിന്റെ നിർമ്മാണത്തിനും അന്താരാഷ്ട്ര നിലവാരമുള്ള ന്യൂട്രി ഫുഡ് പ്രോഡക്ടുകളുടെ ഉൽപ്പാദനത്തിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6853-01-190-99—കേരള സംസ്ഥാന മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ (കെ. എം. ഡി. എൽ.)

ബഡ്ജറ്റ് വിഹിതം: ഇല്ല

35. കണ്ണൂർ ജില്ലയിലെ പാലക്കോട് കടപ്പുറത്തെ അഴിമുഖത്ത് അടിഞ്ഞുകൂടിക്കിടക്കുന്ന മണൽത്തിട്ട നീക്കം ചെയ്യുന്ന പദ്ധതിക്കായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6857-02-190-99—കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഇൻഡസ്ട്രീസിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം: 20 കോടി രൂപ (പ്ലാൻ)

36. 158 ഓളം മരുന്നുകൾ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നോൺ ബീറ്റാലാക്ടം പ്ലാന്റിലൂടെ മരുന്ന് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മരുന്ന് നിർമ്മാണത്തിൽ നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി WHO, GMP മാനദണ്ഡങ്ങൾ പാലിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6858-01-190-96 —കേരള ഇലക്ട്രിക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 21.11 കോടി രൂപ (പ്ലാൻ)

37. കമ്പനിയുടെ കുണ്ടറ യൂണിറ്റിലെ ഇലക്ട്രിക്കൽ വാഹനങ്ങളുടെ മോട്ടോറുകളുടെ ഉൽപ്പാദനം നടത്തുന്നതിനും റെയിൽവേയ്ക്ക് ആവശ്യമായ ട്രാക്ഷൻ പ്രോട്ടോ ടൈപ്പ് മോട്ടോറിന്റെ ഉൽപ്പാദനത്തിനും പ്ലാന്റിന്റെ നിർമ്മാണത്തിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-03-190-99—കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് ത്രീ വീലർ പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 13.67 കോടി രൂപ (പ്ലാൻ)

38. പരിസ്ഥിതി മലിനീകരണത്തിനും ഇന്ധനദൗർല്ലഭ്യത്തിനും പരിഹാരമായി സർക്കാർ പ്രഖ്യാപിച്ച ഇലക്ട്രിക് വാഹന പോളിസിക്കനുസരിച്ച് കേരള ആട്ടോമൊബൈൽസ് നിർമ്മിച്ച് വരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ രൂപ കല്പനയ്ക്കും ഉൽപ്പാദനത്തിനുമായി വിവിധ സാധന സാമഗ്രികൾ വാങ്ങുന്നതിനും പശ്ചാത്തല സംവിധാനം ഒരുക്കുന്നതിനും വ്യാവസായികാടിസ്ഥാനത്തിലുള്ള നിർമ്മാണത്തിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 11.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-60-190-89—ഓട്ടോകാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : ഇല്ല

39. ബോഗി നിർമ്മാണത്തിനുള്ള ഓട്ടോമാറ്റിക് ഹൈപ്രഷർ മോൾഡിംഗ് ലൈനും കെട്ടിടവും നിർമ്മിക്കുന്നതിനുവേണ്ടി 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ (പേജ് നമ്പർ 54) 20 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6859-02-190-99 —കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് വികസന കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 11.16 കോടി രൂപ (പ്ലാൻ)

40. കെൽട്രോണിന്റെ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും നവീകരിക്കുന്നതിനും പ്രധാന യൂണിറ്റുകളുടെ നിർമ്മാണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗവേഷണ കേന്ദ്രം വികസിപ്പിക്കുന്നതിനും കമ്പനിയുടെ ഉൽപ്പാദന ശേഷിയും ഉൽപ്പന്ന ശൃംഖലയും വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19.52 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-01-190-95—കേരള സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 28.79 കോടി രൂപ (പ്ലാൻ)

41. കേരള സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഹെഡ്ഡ് ഓഫീസിലും യൂണിറ്റുകളിലും ഒരു ഇ. ആർ. പി. സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കും ഉൽപ്പന്നങ്ങൾ അംഗീകൃത അന്താരാഷ്ട്ര ഗുണമേന്മാ നിലവാരത്തിൽ തയ്യാറാക്കുന്നതിനും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കരസ്ഥമാക്കാൻ കഴിയുന്ന വിധത്തിൽ യൂണിറ്റുകളെ അന്താരാഷ്ട്ര ഗുണമേന്മാ നിലവാരത്തിലെത്തിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുശിപാർശകൾ

42. സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 18 എണ്ണം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തെ മാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്ന പ്രവണതയ്ക്ക് മാറ്റം വരേണ്ടതുണ്ടെന്നും ഉത്പന്ന വൈവിധ്യവത്കരണത്തിലൂടെ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ സാന്നിധ്യം അറിയിക്കുവാനും അതുവഴി സാമ്പത്തിക സ്വയംപര്യാപ്തത നേടാനും ശ്രമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതിനായി ഓരോ സ്ഥാപനത്തിലും നടപ്പിലാക്കാൻ കഴിയുന്ന നവീകരണ വിപുലീകരണ പദ്ധതികൾ സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കൈത്തറി കുടുംബക്ഷേമ പദ്ധതി

43. കൈത്തറി മേഖലയിലുള്ള തൊഴിലാളികളുടെയും കുടുംബത്തിന്റെയും ആരോഗ്യ പരിപാലനത്തിനും പോഷകാഹാര സംരക്ഷണത്തിനും ആഴ്ചയിൽ രണ്ടുദിവസമെങ്കിലും നല്ല പോഷകാഹാരം ലഭ്യമാക്കുന്നതിനും മാസത്തിലൊരിക്കൽ ആരോഗ്യ പരിശോധന നടത്തുന്നതിനുമുള്ള കൈത്തറി കുടുംബക്ഷേമ പദ്ധതിയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് ആയതിലേക്ക് 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്പിന്നിംഗ് മിൽ സൗരോർജ്ജ നിർമ്മാണം

44. സംസ്ഥാനത്തെ മൊത്തം 17 സ്പിന്നിംഗ് മില്ലുകളുടെയും പ്രവർത്തന മൂലധനത്തിന് വൈദ്യുതി കുടിശ്ശികയും മറ്റുംമൂലം പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സ്പിന്നിംഗ് മില്ലുകളുടെ ഉപയോഗശൂന്യമായ കെട്ടിടവും സ്ഥലവും പ്രയോജനപ്പെടുത്തി സൗരോർജ്ജ നിർമ്മാണം നടത്തുകയാണെങ്കിൽ വൈദ്യുതി ചാർജിൽ ഇളവ് ലഭിക്കുകയും പ്രവർത്തന മൂലധനം ലഭിക്കുകയും ചെയ്യുമെന്നതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി പുതിയ ശീർഷകമനുവദിച്ച് 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഇ. പി. ജയരാജൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 25.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.